(എ) നമ്മുടെ സ്റ്റേറ്റിൽ ഗ്രാമപ്പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ എന്നു നടത്താനാണ് തീരുമാനിച്ചിരിക്കുന്നതു്;

(ബി) അതു സംബന്ധിച്ചുള്ള ഒരുക്കങ്ങൾ എന്തെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ടു്?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): (എ) സമ്മതിദായകന്മാരുടെ പട്ടിക പുതുക്കിയായതിന്റെ ശേഷം.

(ബി) പട്ടിക തയ്യാറാക്കിവരികയാണു്.

* എക്കണോമിക്സ് ഡവലപ്പ്മെന്റ് ബോർഡ്

* 8 വ്യവ. (സ്വ.) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ വ്യവസായാഭിവൃദ്ധിയെ പ്രസ്തുത ബോർഡ് ഏതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെ?

(ബി) പ്രസ്തുത ബോർഡിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം; അവരെ നിയമിച്ചിട്ടു എത്ര കാലമായി?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): (എ) സംസ്ഥാനത്തെ വ്യവസായാഭിവൃദ്ധിക്കായി എക്കണോമിക്സ് ഡെവലപ്പ്മെന്റ് ബോർഡ് നേരിട്ടും അല്ലാതെയും വളരെ സഹായങ്ങൾ നൽകിയിട്ടുണ്ടു്. ഇന്നു അഭിവൃദ്ധിയിൽ വന്നിട്ടുള്ള പല വ്യവസായങ്ങളും ബോർഡു നൽകിയ പ്രോത്സാഹനത്തിന്റെ ഫലമായാണു് ആരംഭിച്ചിട്ടുള്ളതു്. സെറാമിക്സ്, തീപ്പെട്ടി, കാസ്റ്റിക്സോഡാ, തുണി, നൂൽ, ബട്ടൺ, സോപ്പു്, പഞ്ചസാര മുതലായ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറികൾ ബോർഡിന്റെ തീരുമാനമനുസരിച്ചു് ആരംഭിച്ചിട്ടുള്ളവയാണു്. ഉല്പന്നവ്യവസായം പരിഷ്കൃതമായ രീതിയിൽ സംഘടിപ്പിക്കുന്നതിനു ബോർഡു വളരെ സഹായിച്ചിട്ടുണ്ടു്. മരച്ചീനിവ്യവസായം ആദ്യമായി ആരംഭിക്കുന്നതിനു വേണ്ട ഒത്താശകൾ നൽകിയതു് ബോർഡിൽനിന്നുമാണു്. കൂടാതെ വ്യവസായങ്ങളുടെ പൊതുവിലുള്ള അഭിവൃദ്ധിക്കുതകത്തക്കവിധത്തിൽ ഒരു Industrial Museum (S. M. S. M. Industrial Museum) സ്റ്റോറു് എയിഡഡ് ബാങ്കു്, ആലപ്പുഴ ചെയിംബർ ഓഫ് കാമഴ്സ് മുതലായ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നതിനു ബോർഡു മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടുണ്ടു്. ബോർഡിന്റെ ശുപാർശയനുസരിച്ചാണു് വ്യവസായികവായ്പകൾ നൽകിവന്നിരുന്നതു്. ഇങ്ങനെ വളരെ കാര്യങ്ങൾ ബോർഡുചെയ്തിട്ടുണ്ടു്.

(ബി) പ്രസ്തുത ബോർഡു് ഇപ്പോൾ നിലവിലില്ല.

ശ്രീ. ആർ. ശങ്കർ: ഈ പ്രസ്തുത ബോർഡ് എന്നു പറയുന്നതു് ഏതു ബോർഡാണു്.

ശ്രീ. എൻ. കുഞ്ഞിരാമൻ: എക്കണോമിക്സ് ഡെവലപ്പ്മെന്റ് ബോർഡു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബോർഡിന്റെ പ്രവർത്തനം നിർത്തിക്കളഞ്ഞതു് എന്തുകൊണ്ടാണെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞിരാമൻ: ബോർഡു ചെയ്തുകൊണ്ടിരുന്ന പ്രവർത്തനം ബോർഡിന്റെ സഹായമില്ലാതെതന്നെ ചെയ്യാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ ബോർഡ് എത്രകൊല്ലം പ്രവർത്തനത്തിലിരുന്നുയെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആറുകൊല്ലത്തോളം കാലം പ്രവർത്തനത്തിലിരുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മറ്റു രീതിയിൽ അതായതു് ബോർഡിനെ കൂടാതെ വ്യവസായാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തനം നടത്താൻ സാധിക്കുമെന്നു പറഞ്ഞതു് എന്തു കാരണത്താലാണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾതന്നെ ബോർഡു് ചെയ്തുകൊണ്ടിരുന്ന പ്രവർത്തനം നടത്തുന്നതു് വില്ലേജ്യൂണിയൻ ആണു്. അതുകൂടാതെ വില്ലേജ് പഞ്ചായത്തു് നടപ്പിൽവരാൻ പോകുന്നു. അതുകൊണ്ടു് ഡെവലപ്പുമെന്റു ബോർഡിന്റെ ആവശ്യം വേണ്ടന്നുവച്ചു.

Sri. P. Balakrishnan Tampi: Is the Planning Committee Meeting? Are its members alive?

Sri. N. Kunjuraman: Yes, they have met.

ആകെയുള്ള സഹകരണസംഘങ്ങൾ

*൪൫൧. (൧൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) കൊച്ചിയിൽ ൪൭൫. തിരുവിതാംകൂറിൽ ൨൦൦൯.

(ബി, സി) താഴെ പറയുന്നവരുടെ പേരിൽ നടപടി നടത്തിയിട്ടുണ്ടു്.

൧. തൃശ്ശൂർ താലൂക്കിൽ ൪൭–ാംനമ്പ്ർ ആസ്പാദ് സഹകരണസംഘം സെക്രട്ടറി.

൨. നെയ്യാറിൻകര താലൂക്കിൽ ൨൩൭–ാംനമ്പ്ർ അവണാകുഴി സഹകരണസംഘം സെക്രട്ടറി.

൩. ൨൨൭–ാംനമ്പ്ർ പറവൂർ വിനിയോജക സഹകരണസംഘം പ്രസിഡണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: മൂവാറ്റുപുഴ താലൂക്കു് സഹകരണബാങ്കിന്റെ സെക്രട്ടറി ഉദ്ദേശം ൩,൦൦൦ രൂപ വിലവരുന്ന ഒരു പ്രസ്സിനെ ൫൦,൦൦൦ രൂപാക്കു് തീറുകൊടുത്തുയെന്നുള്ളതിനെപ്പറ്റി ഗവൺമെണ്ടിലേക്കു് പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പരാതി കിട്ടിയിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: മിക്ക സഹകരണസംഘം സെക്രട്ടറിമാരും പ്രസിഡൻറന്മാരും അഴിമതികളും ക്രമക്കേടുകളും ചെയ്യുന്നവരാണെന്നു് കാണിച്ചു് ഗവൺമെണ്ടിനു് പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ എൻ. കുഞ്ഞുരാമൻ: പരാതികളും കിട്ടിയിട്ടുണ്ടു്. അതിനെ നിയമപരമായ നടപടികളും എടുത്തുവരുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ അതായതു് കുറ്റമറ്റതായി നടക്കുന്നില്ലായെന്നുള്ളതു് ഗവൺമെണ്ടു് മനസ്സിലാക്കിയതിന്റെ ഫലമായിട്ടു് പരിഹാരമാർഗ്ഗം എന്തെങ്കിലും കമ്മിറ്റിയെ നിയമിക്കണമെന്നു് ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly